ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിച്ച് കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 45 രൂപ മാത്രമേ പ്രതിമാസം സ്റ്റൈപ്പെൻറ് കൊടുക്കുകയുള്ളൂ എന്നൊരു ഓർഡർ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നു. ഇതുവരെ താമസിച്ച പഠിച്ച കാലത്തു് ഡിഫെഡിംഗ് സിസ്റ്റം അനുസരിച്ച് ഉണ്ടായിട്ടുള്ള മൊത്തം ചെലവിൽ പ്രതിമാസം 45 രൂപാ വച്ചുള്ള തുക കഴിച്ച് ബാക്കി തുക മുഴുവൻ ഉടൻ കൊടുത്തില്ലെങ്കിൽ; ഉടൻ തന്നെ ഹോസ്റ്റൽ വിട്ട് പോകണം എന്നാണ് ഓർഡർ.

"Those who cannot afford to give the excess amount will please leave the Hostel forthwith".

നമ്മുടെ പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ജാതിയുടെ പേരിലുള്ള അധമത്വം ഉണ്ടാകാൻ പാടില്ല. ഒരു ഇൻഫീരിയാറിറ്റി കോംപ്ലക്സ് ഉണ്ടാകാൻ പാടില്ല എന്നുള്ള രണ്ടുതത്വങ്ങളും പരിഗണിച്ചാണ് ഈ പട്ടികജാതി വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി ഹോസ്റ്റലിലും അതുപോലെയുള്ള മറ്റു ഹോസ്റ്റലിലും പ്രവേശിപ്പിച്ച മറ്റു കുട്ടികളോടൊപ്പം കഴിയുന്നതിനു ഇടനൽകുന്നത്. എല്ലാ ഹോസ്റ്റലുകളിലും മിക്കവാറും മെസ് നടത്തിക്കൊണ്ടിരിക്കുന്നതു് ഡിഫെഡിംഗ് സിസ്റ്റം അനുസരിച്ചാണ്. ആകെ എത്ര ചെലവുണ്ടാകുമോ അതു എല്ലാവരുംകൂടി വീതിച്ചുകൊടുക്കും. ഇതിനുമുമ്പു ഹരിജൻ വിദ്യാർത്ഥികൾക്കു എത്ര ചെലവു വരുമോ അതു കണക്കാക്കി കൊടുത്തിരുന്നു. ഇപ്പോൾ പുതിയതായി ഒരു ഓർഡർ ഇറക്കിയിരിക്കുകയാണ്. എത്ര ചെലവുവന്നാലും 45 രൂപ മാത്രമേ കൊടുക്കുകയുള്ളൂ എന്നു്. കോളേജു തുറക്കുന്ന അവസരത്തിൽ ഈ കുട്ടികൾ ഹോസ്റ്റലും അഡ്മിഷനു അപേക്ഷിച്ചിരിക്കണം എന്നു വ്യവസ്ഥയുണ്ടു്. യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടാതെ വരികയാണെങ്കിൽ മാത്രമേ മറ്റു ലാഡ്ജുകളിൽ താമസിക്കുവാൻ പാടുള്ളൂ; എന്നുള്ളതു നിർബന്ധവുമാണു്. ഹോസ്റ്റലിലെ ചെലവിനു വേണ്ടിവരുന്ന തുക കൊടുക്കുകയുമില്ല. പരീക്ഷ അടുത്തിരിക്കുന്ന അവസരത്തിൽ ഇങ്ങനെ ഒരു ഓർഡർ കൊടുത്തിരിക്കുന്നതു വിദ്യാർത്ഥികൾക്കു് ക്ലേശമുണ്ടാക്കുന്നതാണു്. അവർക്കു അവരുടെ പഠിത്തവുമായി മുന്നോട്ടു പോകാൻ കഴിയാതെ വരും. ഹോസ്റ്റലിൽ എത്ര ചെലവു വരുമോ അതു ഈ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കു സ്റ്റൈപ്പെൻറായി കൊടുക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു അപേക്ഷിക്കുകയാണു്. ഇതു വച്ചു താമസിപ്പിക്കുവാനുള്ള കാര്യമല്ല. മാർച്ചുമാസത്തിലെ പരീക്ഷക്കുവേണ്ടി കുട്ടികൾ ജാഗ്രതയോടുകൂടി പഠിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണു് ഇതു്. ഇപ്പോൾ ഇങ്ങനെയൊരു ഓർഡർ കൊണ്ടുവന്നു ഉത്തേജിതപ്പെടുത്തുകയാണെങ്കിൽ അവരുടെ ഈ കൊല്ലത്തെ പഠിത്തം തുലഞ്ഞുപോകും. അതിനു അവസരം നൽകാതിരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണു് എനിക്കു ഈ മോഷൻവഴി ഗവണ്മെൻറിനോടപേക്ഷിക്കുവാനുള്ളതു്.

ശ്രീ. കെ. കുഞ്ഞാമ്പു: സർ, ഞാൻ നാളെ മറുപടി പറയാം.

Mr. Speaker: The reply will be given later.

Papers Laid on the Table

Minister for Industries and Local Administration (**Shri K. A. Damodara Menon**): Sir, I lay on the Table a copy of the Sixth Annual Report of the Travancore Minerals Limited, Quilon for the year ended 31st March 1963 together with a copy of Review on the working of the company, as required by Section 619-A of the Companies Act, 1956.

LIBRARY ARCHIVES Kerala Legislative Assembly

(a) A copy of Notification G. O. MS. 383/63/Rev. dated 20th November 1963 (S. R. O. No 764/63) containing amendments to the Rules for the disposal of confiscated articles.

(b) A copy of Notification G. O. MS. 42/64/Rev. dated 16th January 1964 (S. R. O. No 22/64) containing amendments to the Kerala Liquor Permit (Personal consumption) Rules, 1962.

LEGISLATIVE BUSINESS

The Kerala Panchayat Union Councils and Zilla Parishads Bill 1964 (Contd.)

Mr. Speaker : We are considering the Motion for reference to Select Committee of the Kerala Panchayat Union Councils and Zilla Perishads Bill, 1964. I call upon Shri K. K. Viswanathan to speak on the motion.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ ബിൽ പൊതുജനങ്ങളുടെ ഇടയിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഒരു അഭിപ്രായ വ്യത്യാസം ഇവിടെ കേൾക്കുകയുണ്ടായി. അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇതു സെലക്ട് കമ്മിറ്റിക്കയച്ചാൽമതി. സെലക്ട് കമ്മിറ്റിക്കു തന്നെ ഭേദഗതി വരുത്താവുന്നതാണല്ലോ. സെലക്ട് കമ്മിറ്റിക്കു ആവശ്യമെന്നു തോന്നുന്നപക്ഷം ജനങ്ങൾക്കു ശേഖരിക്കുന്നതിനു സൗകര്യം ഉണ്ടായിരിക്കും. അതു മാത്രവുമല്ല, പഞ്ചായത്തുരാജ് എന്നു പറയുന്ന പരിഷ്കാരത്തെ സംബന്ധിച്ചു കേരളം മാത്രമല്ല ആലോചിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു അഖിലേന്ത്യാ അടിസ്ഥാനത്തിൽ പല കാൺഫറൻസുകളും ചർച്ചകളും നടന്നിട്ടുണ്ടു്. അവരുടെ നിഗമനങ്ങളും അവരുടെ തീരുമാനങ്ങളുമെല്ലാം നമ്മുടെ മുമ്പിൽ ഉണ്ടു്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾക്കു ഒരു പൊതു രൂപവും ആവശ്യമാണു്. ഒരോ സ്റ്റേറ്റിലും അവിടത്തെ പ്രത്യേക പരിതസ്ഥിതികൾക്കു അനുസൃതമായ ചില വ്യത്യാസങ്ങളും വരുത്താം. എന്നുള്ളതൊഴിച്ചു പൊതുവേ പഞ്ചായത്തു രാജിന്റെ രൂപത്തിനു വ്യത്യാസം വരുത്താൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടാണു് ഈ ബിൽ സർക്കുലേറ്റ് ചെയ്യേണ്ട ആവശ്യമില്ല എന്നു ഞാൻ പറഞ്ഞതു്. സർ, നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു സ്റ്റേറ്റുകൾക്കില്ലാത്തതായ ഒരു ഒരു പ്രത്യേകത ഉണ്ടു്. നമ്മുടെ പഞ്ചായത്തുകൾ മറ്റു സ്റ്റേറ്റുകളിൽ ഉള്ള വയേക്കാൾ വലിയ പഞ്ചായത്തുകളാണു്. മറ്റു സ്റ്റേറ്റുകളിൽ ശരാശരി ആയിരം പേർ ഉൾപ്പെടുന്ന പഞ്ചായത്തുകളാണു് ഉള്ളതെങ്കിൽ ഇവിടുള്ള പഞ്ചായത്തുകളിൽ ശരാശരി പതിനായിരംപേർ ഉണ്ടു്. അങ്ങനെനോക്കിയാൽ ഇവിടത്തെ പഞ്ചായത്തുകൾക്കു സ്വന്തം കാലിൽ നിൽക്കാവുന്ന തരത്തിലുള്ള ദാർഢ്യം ഉണ്ടായിട്ടുണ്ടു്. അതു വച്ചുകൊണ്ടുവേണം ഗവണ്മെന്റിനേയും പഞ്ചായത്തിനേയും ഇടയ്ക്കുള്ള ഘടകങ്ങളെപ്പറ്റി ചിന്തിക്കുവാൻ. ഏറ്റവും താഴെയുള്ള ഘടകമായ പഞ്ചായത്തിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണു് ഈ ഘടകങ്ങൾ ചെയ്യേണ്ടതു്. കോളനൈ സംബന്ധിച്ചിടത്തോളം പഞ്ചായത്താക്ടറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും തന്നെ ഭംഗിയായി നിറവേറ്റാൻ ഇവിടത്തെ പഞ്ചായത്തിനു കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവർക്കു ആവശ്യമായ സാമ്പത്തിക വരുമാനമാർഗ്ഗം കാണിച്ചു കൊടുത്താൽ മാത്രം മതി. മറ്റു പല സ്റ്റേറ്റുകൾക്കും ഇതു സാദ്ധ്യമല്ല. അതുകൊണ്ടു് അവിടങ്ങളിൽ പഞ്ചായത്തുകൾക്കു ഉപരിയായിട്ടുള്ള പഞ്ചായത്തു സമിതികൾക്കോ, യൂണിയനുകൾക്കോ, ജില്ലാപരിഷത്തുകൾക്കോ കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതായി കാണാം. നമുക്കു അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ചും ജില്ലാപരിഷത്തുകൾക്കു് കാര്യമായ പ്രവർത്തനങ്ങളൊന്നും എന്തെങ്കിലും ചെയ്യാൻ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ജില്ലാ അടിസ്ഥാനത്തിൽ നടക്കേണ്ട മിക്കവാറും പ്രവർത്തനങ്ങളും ഡിപ്പാർട്ടുമെന്റു ചെയ്തു തീർക്കേണ്ടതായതാണു്. സ്റ്റേറ്റു അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly